**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4013** **17-03-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി വിഹിതം അടച്ചില്ല എന്ന കാരണത്താൽ പെൻഷൻ നിഷേധിക്കുന്നത് ഒഴിവാക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 1997 ഒക്ടോബർ 1 ന് അങ്കണവാടി ടീച്ചറായി ചേർപ്പ് ബ്ലോക്ക് ആറാട്ടുപുഴ 42-ാം നമ്പർ അങ്കണവാടിയിൽ തുടർച്ചയായി 28 വർഷം ജോലി ചെയ്യുകയും 2018 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 6 മാസം ഓണറേറിയം ഇല്ലാത്ത ലീവ് എടക്കുകയും ചെയ്ത തങ്കമണി എ.കെ.യ്ക്ക് ലീവ് എടുത്ത സമയത്തെ ക്ഷേമനിധി വിഹിതം അടച്ചില്ല എന്ന കാരണത്താൽ പെൻഷൻ നിഷേധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ വിഹിതം പിടിക്കേണ്ട ഓഫീസിന്റെ വീഴ്ച കാരണം പെൻഷൻ മുടങ്ങിയ, തുച്ഛമായ വരുമാനം മാത്രമുള്ള, സാമൂഹ്യവും സാമ്പത്തികവുമായ ഏറെ പരാധീനകളുള്ള തങ്കമണി എ.കെ.യ്ക്ക് പെൻഷൻ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | (എ) 2016 ലെ കേരള അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ആക്ട് ഖണ്ഡിക 6(2) പ്രകാരം, ഒരംഗം ആറുമാസക്കാലം തുടർച്ചയായി അംശദായം അടക്കുവാൻ വീഴ്ച വരുത്തുകയാണെങ്കിൽ നിധിയിലെ അയാളുടെ അംഗത്വം സ്വയമേവ അവസാനിക്കുന്നതാണ്. ഇത്തരത്തിൽ അംഗത്വം നഷ്ടപ്പെട്ട അംഗത്തിന്, 2016 ആക്ടിലെ ഖണ്ഡിക (7) പ്രകാരം അംഗത്വം അവസാനിക്കപ്പെട്ട തീയതി മുതൽ ആറു മാസത്തിനകം 12% വാർഷിക പലിശയോടു കൂടി കുടിശ്ശിക അടച്ച് അംഗത്വം പുനരുജ്ജീവിപ്പിക്കാം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി. തങ്കമണി എം. കെ, അംഗത്വം പുനരുജ്ജീവിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യക്തിയ്ക്ക് പെൻഷൻ നൽകുവാൻ നിർവാഹമില്ല. |
| (ബി) | നേരത്തെയുണ്ടായിരുന്ന തരത്തിൽ മിനിമം 10 വർഷം ജോലി ചെയ്തവർക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | (ബി) അങ്കണവാടി വർക്കർ/ഹെൽപ്പർ ആയി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്തവരും 62 വയസ് തികയുന്ന ദിവസം സർവ്വീസിൽ ഉള്ള, ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ മുടക്കം വരുത്താത്ത വർക്കർക്കും ഹെൽപ്പർക്കും പ്രതിമാസ പെൻഷൻ അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ